**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 350** **10-06-2024 - ൽ മറുപടിയ്ക്ക്**

**തദ്ദേശ സ്വയംഭരണസ്ഥാപനങ്ങൾക്കുള്ള ശുചിത്വ ഫണ്ട് വർദ്ധിപ്പിക്കുന്നതിനുള്ള നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. കെ.പി.മോഹനൻ** | | **ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി)** | |
| (എ) | തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കുള്ള ശുചിത്വ ഫണ്ട് ശുചിത്വ പ്രവർത്തനങ്ങൾക്ക് തികച്ചും അപര്യാപ്തമാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ; | (എ) | ശ്രദ്ധയിൽപെട്ടിട്ടില്ല. 15- ാം ധനകാര്യ കമ്മീഷൻ ഗ്രാന്റിന്റെ 60% തുക ശുചിത്വം, കുടിവെള്ളം എന്നിവയുമായി ബന്ധപ്പെട്ട പദ്ധതികൾക്ക് വേണ്ടി മാത്രം ചെലവഴിക്കാൻ കഴിയുന്ന ടൈഡ് ഫണ്ടാണ്. ടി തുകയുടെ 50 ശതമാനം ശുചിത്വത്തിന് വേണ്ടി വിനിയോഗിക്കാൻ കഴിയും. ആവശ്യമെങ്കിൽ മുഴുവൻ ടൈഡ് ഫണ്ടും ശുചിത്വത്തിന് വേണ്ടി മാത്രമായി വിനിയോഗിക്കാനും സാധിക്കും. ഇതിന് പുറമെ തദ്ദേശ സ്ഥാപനങ്ങളുടെ പ്ലാൻ ഫണ്ട്, ശുചിത്വ മിഷന്റെ സംസ്ഥാന പ്ലാൻ ഫണ്ട്, കേന്ദ്രാവിഷ്കൃത പദ്ധതികളായ സ്വച്ഛ്ഭാരത് മിഷൻ ( ഗ്രാമീൺ) സ്വച്ച് ഭാരത് മിഷൻ (അർബൻ) എന്നിവയിൽ നിന്നുള്ള വിഹിതം എന്നിവയും ലഭ്യമാണ്. എന്നാൽ ഇത്തരത്തിൽ ലഭ്യമായ തുക പൂർണ്ണമായി പ്രയോജനപ്പെടുത്തി പദ്ധതികൾ ഏറ്റെടുത്ത് നടപ്പിലാക്കുന്നതിന് എല്ലാ തദ്ദേശ സ്ഥാപനങ്ങൾക്കും സാധിക്കുന്നില്ല എന്ന സ്ഥിതിവിശേഷമാണ് നിലവിലുള്ളതെന്നതിനാൽ ഫണ്ട് വർധിപ്പിക്കുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല. |
| (ബി) | പ്രസ്തുത ശുചിത്വ ഫണ്ട് കാലാനുസൃതമായി വർദ്ധിപ്പിക്കുന്ന കാര്യം പരിശോധിക്കുമോ; എങ്കിൽ എന്തൊക്കെ നടപടികളാണ് ഇക്കാര്യത്തിൽ സ്വീകരിക്കുകയെന്ന് വിശദമാക്കുമോ? | (ബി) | ശ്രദ്ധയിൽപെട്ടിട്ടില്ല. 15- ാം ധനകാര്യ കമ്മീഷൻ ഗ്രാന്റിന്റെ 60% തുക ശുചിത്വം, കുടിവെള്ളം എന്നിവയുമായി ബന്ധപ്പെട്ട പദ്ധതികൾക്ക് വേണ്ടി മാത്രം ചെലവഴിക്കാൻ കഴിയുന്ന ടൈഡ് ഫണ്ടാണ്. ടി തുകയുടെ 50 ശതമാനം ശുചിത്വത്തിന് വേണ്ടി വിനിയോഗിക്കാൻ കഴിയും. ആവശ്യമെങ്കിൽ മുഴുവൻ ടൈഡ് ഫണ്ടും ശുചിത്വത്തിന് വേണ്ടി മാത്രമായി വിനിയോഗിക്കാനും സാധിക്കും. ഇതിന് പുറമെ തദ്ദേശ സ്ഥാപനങ്ങളുടെ പ്ലാൻ ഫണ്ട്, ശുചിത്വ മിഷന്റെ സംസ്ഥാന പ്ലാൻ ഫണ്ട്, കേന്ദ്രാവിഷ്കൃത പദ്ധതികളായ സ്വച്ഛ്ഭാരത് മിഷൻ ( ഗ്രാമീൺ) സ്വച്ച് ഭാരത് മിഷൻ (അർബൻ) എന്നിവയിൽ നിന്നുള്ള വിഹിതം എന്നിവയും ലഭ്യമാണ്. എന്നാൽ ഇത്തരത്തിൽ ലഭ്യമായ തുക പൂർണ്ണമായി |

| | | | |
|---|---|---|---|
| | | | പ്രയോജനപ്പെടുത്തി പദ്ധതികൾ ഏറ്റെടുത്ത് നടപ്പിലാക്കുന്നതിന് എല്ലാ തദ്ദേശ സ്ഥാപനങ്ങൾക്കും സാധിക്കുന്നില്ല എന്ന സ്ഥിതിവിശേഷമാണ് നിലവിലുള്ളതെന്നതിനാൽ ഫണ്ട് വർധിപ്പിക്കുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ